# Malayala Manorma

# 19 June 2018

# Eloor: Heavy rain, Flood

സമരം

### പേരണ്ടൂർ കനാലിലെ പോള നീക്കിയില്ല

## ജീവിതം വെള്ളത്തിൽ; പ്രതിഷേധം അണപൊട്ടി കോളനിക്കാർ

കൊച്ചി • മഴ കനത്തു വെള്ളം കയറിയതോടെ നഗരമധ്യത്തിലെ പി ആൻഡ് ടി കോളനിയിൽ എൺപത്തിയഞ്ചോളം കുടുംബങ്ങൾ വെള്ളത്തിനു നടുവിലായി. ശൗചാലയങ്ങളിൽ വെള്ളം കയറിയതോടെ പ്രാഥമികാവശ്യങ്ങൾ പോലും നിറവേറ്റാൻ സാധിക്കാതായപ്പോൾ കോളനിവാസികൾ ഒന്നടങ്കം മേയറുടെ ഓഫിസിനു മുന്നിലെത്തി.

കൗൺസിലർ പൂർണിമ നാരായണന്റെ നേതൃത്വത്തിൽ നടന്ന പ്രതിഷേധത്തെ തുടർന്ന് പേരണ്ടൂർ കനാലിലെ പോള അടിയന്തരമായി കോരി മാറ്റാൻ മേയർ സൗമിനി ജെയിൻ നിർദേശം നൽകി. പക്ഷേ, കരാറുകാരന് ഇന്നലെ വൈകിട്ടും പോള വാരാനുള്ള യന്ത്രം ലഭിച്ചിട്ടില്ലെന്നാണു സൂചന.

നഗരസഭ 63-ാം ഡിവിഷനിലെ രണ്ടര കിലോമീറ്റർ ദൂരമുൾപ്പെടെ കനത്ത തോതിൽ പോള മൂടി കിടക്കുകയാണ് പേരണ്ടൂർ കനാൽ. ഇത് വാരി മാറ്റാനും മറ്റു പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി കഴിഞ്ഞ ഡിസംബറിൽ ടെൻഡർ ക്ഷണിച്ചെങ്കിലും സാങ്കേതിക നടപടികൾ ഇഴഞ്ഞു നീങ്ങുകയാണ്. ഇതിനിടെ കോളനിവാസികളെ പുനരധിവസിപ്പിക്കാൻ ജിസിഡിഎ പദ്ധതി തയാറായതോടെ കനാൽ ശുചീകരണം പാടേ മറന്നു.

കഴിഞ്ഞ കൗൺസിലിലും ഇക്കാര്യം ഉന്നയിച്ചതിനെ തുടർന്നു രണ്ടാഴ്ചയ്ക്കുള്ളിൽ പോള മാറ്റാമെന്ന് ഉറപ്പു നൽകിയിരുന്നു. കോളനിയിലെ ശൗചാലയങ്ങളെല്ലാം പൈപ്പിട്ട് പേരണ്ടൂർ കനാലിലേക്കാണു തുറന്നിരിക്കുന്നത്. കനാൽ നിറഞ്ഞു ശൗചാലയങ്ങളിലേക്കു വെള്ളം തിരികെ കയറാൻ തുടങ്ങി.